തിനു വേണ്ടിയുള്ള അപേക്ഷ കൊടുത്തു. പക്ഷെ അപേക്ഷ കെടുത്തു കഴിഞ്ഞശേഷം മനസ്സിലാക്കാൻ കഴിഞ്ഞത്, ആറ്റിങ്ങൽ പോലീസ് എഫ്. ഐ. ആറോ അതുപോലെതന്നെ ചാർജ് ഷീറ്റോ കൊടുത്തിട്ടില്ലായെന്നാണ്. എഫ്. ഐ. ആർ. കൊടുക്കാത്തതുകൊണ്ട് അവർക്ക് ഗവൺമെന്റിൽനിന്ന് കിട്ടേണ്ട സഹായം കിട്ടാനോ ക്ലെയിം പെറ്റീഷൻ കൊടുക്കുന്നതിനോ നിവൃത്തിയില്ലാതെ വന്നതിന്റെ അടിസ്ഥാനത്തിൽ ബുദ്ധിമുട്ടുകയാണ്.

അതിൽ ഒരു കുട്ടിയുടെ കഴുത്തിന്റെ എല്ല് ഒടിഞ്ഞുപോയി. പതിനഞ്ച് കുട്ടികളുടെ കയ്യുടേയും തോളിന്റേയും എല്ല് ഒടിഞ്ഞു പോയി. ഡ്രൈവർ ഇട്ടുകൊണ്ടാണ് അവർ ജോലിക്കു പോകുന്നത്. രണ്ടുമാസമായിട്ടും എഫ്. ഐ. ആർ. കൊടുത്തിട്ടില്ല. പലപ്പോഴും ആറ്റിങ്ങൽ പോലീസിനെ സമീപിച്ചെങ്കിലും ഇതുവരെ പോലീസ് എഫ്. ഐ. ആർ. കൊടുക്കാൻ മെനക്കെടുകയോ ചാർജ്ജ്ഷീറ്റ് കൊടുക്കുകയോ അതിന്റെതായ പ്രവർത്തി ചോദിച്ചിട്ട് തിരികയോ ചെയ്യാത്തതിന്റെ ഫലമായി ഇന്ന് ഇത് വാങ്ങിക്കാൻ നിവർത്തിയില്ലാതെവന്നിരിക്കുകയാണ്. മുകളിൽനിന്ന് എന്തോ നിർദ്ദേശമുണ്ട്. ബസ്സുകാരെ സാഹയിക്കാനാണെന്നാണ് പറയുന്നത്. ഏതായാലും ഈ കാര്യത്തിൽ വേഗം നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിന് സഹായം കിട്ടണം, ക്ലെയിം പെറ്റീഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ബസ്സുകളെ വാടകയ്ക്ക് എടുത്തത് സമരത്തിന് വന്നവരാണ്. ശ്രീമതി ഗൗരിയമ്മയുടെ സഹായത്തോടുകൂടി ആയിരിക്കാം ഒരുപക്ഷേ ബസ്സുകളെ വാടകയ്ക്ക് എടുത്തത്. ബസ്സുകാരെ ഗവൺമെന്റിനെയാതൊരു പരിചയപ്പെടുമില്ല. ശ്രീമതി ഗൗരിയമ്മയ്ക്ക് എഫ്. ഐ. ആർ. കൊടുക്കുന്നതിനെപ്പറ്റി അറിയാം. ഗൗരിയമ്മയ്ക്ക് അറിവില്ലാത്ത കാര്യങ്ങളെപ്പറ്റി ദുഃസൂചന വേണ്ടെന്ന് മാത്രമേ പറയാനുള്ളു. ഏത് അടിസ്ഥാനത്തിൽ ആണെന്ന് എനിക്ക് അറിയില്ല. സമരക്കാർ വന്നു എഫ്. ഐ. ആർ. കൊടുത്തിട്ടുണ്ട്. ചാർജ്ജ്ഷീറ്റ് കൊടുക്കണമെങ്കിൽ എ. പി. പി. യെ കാണിക്കണം. ചാർജ്ജ്ഷീറ്റ് എ. പി. പി. യുടെ കയ്യിൽ കൊടുത്തിട്ട് കുറെദിവസമായി. എ. പി. പി. യുടെ അപ്രൂവലോടുകൂടിവേണം ചാർജ്ജ്ഷീറ്റ് കൊടുക്കാൻ. ചാർജ്ജ്ഷീറ്റ് തയ്യാറാക്കി എ. പി. പി. യെ ഏല്പിച്ചിട്ട് തിരിച്ച് കിട്ടാത്തുകൊണ്ടാണ് കോടതിയിൽ പോകാത്തത്. ഇതുപോലുള്ള കേസ്സുകളിൽ പ്രോസിക്യൂട്ടറെ കാണിച്ച് അദ്ദേഹത്തിന്റെ അപ്രൂവൽ വാങ്ങിച്ചിട്ടാണ് കൊടുക്കാറുള്ളത്. എന്റെ കയ്യിൽ കിട്ടിയിരിക്കുന്ന വിവരം അനുസരിച്ച് ചാർജ്ജ്ഷീറ്റ് തയ്യാറാക്കി എ. പി. പി. യുടെ കയ്യിൽ കൊടുത്തിട്ടുണ്ട്. പോലീസ്സിന് ധാരാളം ജോലികളുണ്ട്. ഇൻഷ്വറൻസ്, ആഫീസ്സിൽ കൊടുക്കാൻ വേണ്ടി ഇതിന്റെ കോപ്പി ആരും ചോദിച്ചിട്ടില്ല. ചോദിച്ചാൽ 24 മണിക്കൂറിനകം കൊടുക്കാം.

(34) മട്ടാഞ്ചേരിയിലെ തൊഴിലാളി കുടുംബങ്ങളുടെ പാർപ്പിട സൗകര്യം

ശ്രീ. കെ. എം. ഹംസക്കുഞ്ഞ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ പകലന്തിയോളം കഷ്ടപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

കളും സാധാരണക്കാരും അന്തിയുറങ്ങുന്നതിനു തലചായ്ക്കാൻ ഇടമി ല്ലായ്മയുടെ പേരിൽ അനുഭവിക്കുന്ന പ്രയാസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. കൊച്ചി തുറമുഖത്തിന്റെ പ്രാരംഭകാലത്ത് തൊഴിൽ സാധ്യത കണ്ടുകൊണ്ട് രാജ്യത്തിന്റെ നാനഭാഗത്തുനിന്നും തുറമുഖപട്ടണത്തിലേക്ക് ജനങ്ങൾ എത്തി. അന്ന് അവിടെയുണ്ടായിരുന്ന ഭൂവുടമകളുടേയും വർജമിമിരുദ്ധയും വീടുകളും വാടകയ്ക്ക് എടുത്ത് പതിനഞ്ചും ഇരുപതും കുടുംബങ്ങൾ ഒന്നിച്ച് താമസിച്ചുവരികയായിരുന്നു. അറുപത് വർഷത്തോളമായി താമസിക്കുന്ന വീടുകളുടെ അറ്റകുറ്റപണികളും ഭൂവുടമകളും ചെയ്യാത്തതിന്റെ ഫലമായി ആ വീടുകൾ ഇന്ന് വീണുപോകത്തക്ക സ്ഥിതിയിൽ എത്തിയിരിക്കുകയാണ്. കോർപ്പറേഷൻ നോട്ടീസ് കൊടുത്തിട്ടുള്ള അനവധി കെട്ടിടങ്ങളിൽ മുന്നൂറും മുന്നൂറിയമ്പതും അംഗങ്ങളും വീട്ടുമൃഗങ്ങളും അടക്കം ഇന്നും അവിടെ ജീവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെയെല്ലാം മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന താത്തിലുള്ള വാർത്തകൾ നാളെ വരാതിരിക്കണമെങ്കിൽ ഗവൺമെന്റ് ഈ കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ ഏതാനും ഭൂവുടമകളുടേയും ട്രസ്റ്റുകളുടേയും കെട്ടിടം ആ സ്ഥലത്തോടുകൂടിത്തന്നെ ഗവൺമെന്റ് ഏറ്റെടുത്ത് ഏറ്റവും വേഗം ചെറിയ വീടുകൾ പണിത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കുറെക്കാലംമുമ്പ് ജി. സി. ഡി. എ. ആ ഭാഗങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. പ്രത്യേകമായി മറ്റ് ഭവനനിർമ്മാണ പദ്ധതിയിൽ ഏർപ്പെടുത്തി കാലതാമസം ഉണ്ടായാൽ അവിടെയുള്ളവർക്ക് വളരെ ദുരിതം അനുഭവിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് മട്ടാഞ്ചേരിക്ക് മാത്രമായി പ്രത്യേക ഭവനനിർമ്മാണ പദ്ധതിക്ക് രൂപം കൊടുക്കുകയും, നാവിക തൊഴിലാളികൾക്കും ഏറ്റവും പാവപ്പെട്ട തൊഴിലാളികൾക്കും അന്തിയുറങ്ങുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മട്ടാഞ്ചേരി പ്രദേശത്ത് ഇപ്പോൾ പ്രത്യേകമായ ഭവനനിർമ്മാണ പരിപാടി ഈ വിഭാഗം ആളുകൾക്കുവേണ്ടി ഇല്ല. അടുത്തകാലത്ത് രാമേശ്വരത്ത് ഏതാണ്ട് 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും.....

ശ്രീ. കെ. എം. ഹംസക്കുഞ്ഞ്: ബഹുമാനപ്പെട്ട മന്ത്രി രാമേശ്വരത്തെ കാര്യം പറഞ്ഞതുകൊണ്ടാണ് പറയുന്നത്. രാമേശ്വരത്തെ കാര്യവും ഇതുമായി ബന്ധമുള്ളതല്ല. രാമേശ്വരത്ത്, ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് നേവിയുടെ ആവശ്യത്തിന് ഒഴിപ്പിച്ചിട്ടുള്ളവർക്ക് വീടുവെച്ച് കൊടുക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: അങ്ങിനെയൊരു പരിപാടി അവിടെ നടപ്പാക്കുന്നുവെന്നേ ഞാൻ പറഞ്ഞുള്ളൂ. ലോകബാങ്കിന്റെ സഹായത്തോടുകൂടി നൂറ് കോടി രൂപയുടെ പരിപാടി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ലോകബാങ്ക് സ്റ്റഡി ടീം ഇവിടെ വന്ന് പ്രാഥമികമായ ചർച്ച നടത്തിയതിനുശേഷം പോയിരിക്കുകയാണ്. നവംബറിൽ വീണ്ടും വന്ന് ആ പദ്ധതിക്ക് പൂർണ്ണരൂപം ഉണ്ടാക്കുമെന്നാണ് / കരുതുന്നത്. പ്രധാനമായും തിരുവനന്തപുരം,

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി, കോഴിക്കോട് നഗരങ്ങളിലും നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലുമുള്ള മുനിസിപ്പാലിറ്റികളിലുമാണ് ഈ പരിപാടി നടത്താൻ ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ പഴയ വീടുകൾ റിപ്പയർ ചെയ്യാനും കേടുപാട് വന്ന വീടുകളിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള പരിപാടിയുണ്ട്. ആ പദ്ധതി എത്രയും വേഗം നടപ്പാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

തേവര പാലത്തിന് സമാന്തരമായി പുതിയൊരു പാലത്തിന്റെ ആവശ്യകത

(ശ്രീ. കെ. എം. ഹംസക്കുഞ്ഞ് 24-9-1986-ൽ ഉന്നയിച്ച സബ്മിഷനുള്ള മറുപടി)

ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർകുട്ടിനഹ): സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇവിടെ പറഞ്ഞു വെല്ലിംഗ്ടൺ ഐലന്റിനേയും മട്ടാഞ്ചേരിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന നിലവിലുള്ള പാലം കാലപഴക്കംകൊണ്ട് ഗതാഗതത്തിന് ബുദ്ധിമുട്ട് ഉണ്ടെന്ന്. ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയ്ക്ക് വിധേയമായിട്ടുണ്ട്. 21-8-1984-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഇതുസംബന്ധിച്ച് എറണാകുളത്തുവച്ച് ചർച്ച നടത്തി. പാലം പുതുതായി നിർമ്മിക്കണമെങ്കിൽ ആറുകോടിയോളം രൂപ വേണ്ടിവരും. സാമ്പത്തികവും സാങ്കേതികവുമായ വശങ്ങളെ സംബന്ധിച്ച് ആലോചിച്ച് ശരിയായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ്ങ് ആൻഡ് റിസർച്ച് സെന്ററെ ചുമതലപ്പെടുത്തുകയുണ്ടായി. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ട് കിട്ടികഴിഞ്ഞാൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

പുനലൂർ—വെട്ടിപ്പുഴപാലം

(ശ്രീ. വി. സുരേന്ദ്രൻപിള്ള 24-9-1986-ൽ ഉന്നയിച്ച സബ്മിഷനുള്ള മറുപടി)

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): ബഹുമാനപ്പെട്ട മെമ്പർ സുരേന്ദ്രൻപിള്ള അദ്ദേഹത്തിന്റെ നിയോജക 11 a.m.] മണ്ഡലത്തിലെ റോഡിനെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. വെട്ടിപ്പുഴപാലം പണിയുന്നതിനുവേണ്ടി 9.5 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് 4-2-1978-ൽ ഭരണാനുമതി നൽകി. 1978-ൽ തന്നെ കരാർ കൊടുക്കുകയും ചെയ്തു. നിലവിലുള്ള പാലം പൊളിച്ച് പുതിയ പാലം പണിയുന്നതിനാണ് ഉദ്ദേശം. പാലം പണിയുന്ന ഘട്ടത്തിൽ ഗതാഗതം ആയൂർ—പുനലൂർ റോഡിനെയും പുനലൂർ—കൊട്ടാരക്കര റോഡിനെയും ബന്ധിപ്പിക്കുന്ന സൈഡ് റോഡിൽ കൂടി തിരിച്ചുവിടാനാണ് തീരുമാനിച്ചത്. അവിടെ മരാമത്തിന്റെ കീഴിലുള്ള റോഡ് നന്നാക്കുകയും ചെയ്തു. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ബാക്കി ഭാഗം നന്നാക്കുന്നതിന് മുനിസിപ്പാലിറ്റി തയ്യാറായിട്ടില്ല. ആകയാൽ ഗതാഗതം തിരിച്ചുവിട്ട് പാലം പണിയാൻ പ്രയാസമായി വന്നു. ഇതോടൊപ്പംതന്നെ പുതിയ പാലത്തിന്റെ അലൈൻമെന്റിനെ സംബന്ധിച്ച് സ്ഥലത്തെ ആക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly